പി.എം.ജി.എസ്.വൈ. റോഡുകൾ

39 (3005) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലപരിധിയിൽ വരുന്ന എത്ര പി. എം. ജി. എസ്. വൈ. റോഡുകൾക്ക് 2014-15-ൽ അനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡുകൾ ഏതൊക്കെയെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2014-15 വർഷത്തിൽ കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന 2 പി.എം.ജി.എസ്.വൈ. റോഡുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) വില്ല്യാപ്പള്ളി അകമേരി റോഡ്-ലെവൽസ് ചീഫ് ടെക്നിക്കൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്തു. ചെമ്മരത്തൂർ തോടന്നൂർ നോർത്ത്-പ്രവൃത്തി നടന്നുവരുന്നു. ആദ്യലെയർ മെറ്റലിംഗ് പുരോഗമിക്കുന്നു.

ഹിൽ-ഏരിയ വികസന ഏജൻസി

40 (3006) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ വികസന ഏജൻസി പഴം പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ഇത് വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതികളുടെ ഗുണഭോക്താക്കളുടെ പേര വിവരവും ഓരോരുത്തർക്കും നൽകിയ തുകയും വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എപ്രകാരമാണെന്ന് വിശദമാക്കാമോ ;

(ഡി) ഹിൽ ഏരിയ വികസന ഏജൻസി വഴി നടപ്പാക്കിയ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) ഹിൽ ഏരിയ വികസന ഏജൻസി പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി എത്ര പേർക്ക് ആനുകൂല്യം നൽകി ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ പഴം-പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആകെ 156 ലക്ഷം രൂപ നാളിതുവരെ അനുവദിക്കുകയും അതിൽ 48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മഴമറ കൃഷി, ബ്ലോക്കുതല നഴ്സറി, ഉൽപ്പാദന ഉപാധികളുടെ വിതരണ കേന്ദ്രം, ബ്ലോക്കുതല മാർക്കറ്റ് എന്നിവയാണ് പ്രസ്തുത പദ്ധതി വഴി നടപ്പിലാക്കുന്നത്.

(ബി) പഴം-പച്ചക്കറി വികസന പദ്ധതിയിൽ മഴമറ കൃഷി, ബ്ലോക്കുതല നഴ്സറി, പച്ചക്കറിതൈകളുടെ ഉൽപ്പാദനം, വിതരണം, ദീർഘകാല പച്ചക്കറി തൈകളുടെ വിതരണം, ഫലവർഗ്ഗതൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം ചെയ്യൽ എന്നിവ ഉൾപ്പെടുന്നു. ഈ പദ്ധതിയിൻകീഴിൽ ആയിരക്കണക്കിന് ഗുണഭോക്താക്കളുള്ളതിനാൽ അവരുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നത് പ്രായോഗികമല്ല.

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ചെറുകിട/ഇടത്തരം കർഷകരുമായ ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി ബ്ലോക്ക് മുഖേന തെരഞ്ഞെടുക്കുന്നത്.

(ഡി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) മലയോര വികസന ഏജൻസി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന് മാത്രമായി പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എങ്കിലും വിവിധ പദ്ധതികളിൽ ആനുകൂല്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുകൂടി ലഭ്യമാകുന്ന തരത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുൾപ്പെടെ ആകെ 156 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൻകീഴിൽ ആയിരക്കണക്കിന് ഗുണഭോക്താക്കൾ ഉള്ളതിനാൽ അവരുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നത് പ്രായോഗികമല്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly